**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 464** **16-03-2023 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ വി ജോയി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ സർവീസ് കാര്യക്ഷമമാക്കുന്നതിനും ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വകുപ്പുകളിൽ നിന്ന് ഒഴിവുകൾ കാര്യക്ഷമമായി റിപ്പോർട്ട് ചെയ്യുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള സംവിധാനങ്ങളൊരുക്കുകയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത സംവിധാനത്തിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതോടൊപ്പം 2023-കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നത് സംബന്ധിച്ചും ആയതിലേക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനായി 08.11.2022-ലെ ഉപ.സി 3/100/2022/ഉഭപവ. സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | 2011-16 കാലത്തേതിൽ നിന്ന് വിഭിന്നമായി പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തിയതുവഴി എത്ര പേരെ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നിയമിക്കാൻ കഴിഞ്ഞെന്ന് അറിയിക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ 2023 ജനുവരി വരെ 203000 ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | സിവിൽ സർവീസ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ജനസൗഹാർദ്ദപരവും അഴിമതി രഹിതവുമായ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സിവിൽ സർവ്വീസിന്റെ മധ്യനിര ശക്തിപ്പെടുത്തുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുകയും 105 പേർ ഉൾപ്പെട്ട ആദ്യ ബാച്ചിന് നിയമന ശിപാർശ നൽകുകയും ചെയ്തു. ഇവരുടെ പരിശീലനം അന്തിമഘട്ടത്തിലാണ്. |

ഭരണരംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കി വരുന്നു.

ഗവ. സെക്രട്ടേറിയറ്റിലും മറ്റ് എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം 291 ഓഫീസുകളിൽ ബയോമെട്രിക് പഞ്ചിംഗ് ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഇത് നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിൽ ഫയൽ തട്ടുകളുടെ എണ്ണം കുറച്ച് ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തിയതിലൂടെ ഫയലുകൾ വേഗത്തിൽ കൈകാര്യം ചെയ്യുന്നതിനു കഴിയുന്നുണ്ട്.

സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, സബ് കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 140 സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 869 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും അഴിമതിരഹിതവുമായി ലഭ്യമാക്കുന്നതിൽ ഇ-ഗവേണൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി കേരള സംസ്ഥാന ഐ.ടി. മിഷൻ (KSITM), സംസ്ഥാനത്തെ 80 വിവിധ വകുപ്പുകളുടെ 884 ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ എം-സേവനം (m-sevanam) മൊബൈൽ ആപ്ലിക്കേഷനിൽ 80 വകുപ്പുകളുടെ 683 സേവനങ്ങളും ലഭ്യമാണ്. ജനങ്ങൾക്ക് ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു.

സംസ്ഥാന സിവിൽ സർവ്വീസിന്റെ കർമ്മശേഷിയും നിർവ്വഹണ പ്രാപ്തിയും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി പുതുതായി സർവ്വീസിൽ

| | | | |
|---|---|---|---|
| | | | പ്രവേശിക്കുന്നവർക്ക് നിർബന്ധമായും ഇൻഡക്ഷൻ പരിശീലനം നൽകിവരുന്നുണ്ട്.<br><br>സർക്കാർ ഓഫീസ് നടപടികൾ ലളിതമാക്കുവാനും വിവര സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സർക്കാർ ഓഫീസുകളിൽ നിന്നുള്ള മറുപടികൾ ഇ-മെയിൽ മുഖേന നൽകുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുസെക്രട്ടറിമാർക്കും വകുപ്പു തലവന്മാർക്കും 07.11.2022- ലെ സർക്കുലർ നം. 209/13(2)/2022/ ഉഭപവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ